പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**20.11.2019** -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ.***514**

## തൊഴിൽ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റോജി എം. ജോൺ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് സർക്കാർ അവകാശപ്പെടുമ്പോഴും അസംഘടിത മേഖലയിൽ തൊഴിലവസരങ്ങൾ കുത്തനെ കുറയുന്നുവെന്നത് വസ്തുതയല്ലേ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | എ) അസംഘടിത മേഖലയിൽ തൊഴിലവസരങ്ങൾ കുത്തനെ കുറയുന്ന സ്ഥിതി വിശേഷം സംസ്ഥാനത്ത് നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നില്ലായെന്ന് മാത്രമല്ല നിലവിലുള്ള തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | ബി)ആഗോള തൊഴിൽ കമ്പോളത്തിലെ സാദ്ധ്യത കണ്ടറിഞ്ഞ്, ഐ.ടി/നൈപുണ്യ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും സൃഷ്ടിക്കുന്നതിനും സർക്കാർ ബോധപൂർവ്വമായ ഇടപെടലുകൾ നടത്തിവരുന്നു. ജോബ് ഫെയറുകൾ, പ്ലേസ്മെന്റ് ഡ്രൈവുകൾ എന്നിവ സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) സ്ഥിരം നിയമനത്തിന് പകരം കോൺട്രാക്ട് നിയമനവും ദിവസവേതന നിയമനവും നടത്തുന്നത് തൊഴിലാളികളുടെ സ്ഥിരവരുമാനത്തെയും കുടുംബഭദ്രതയെയും ദോഷകരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സ്ഥിതിവിശേഷത്തിന് അറുതി വരുത്തുവാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സി) കരാർ തൊഴിലാളികൾക്കും സ്ഥിരം തൊഴിലാളികൾക്കും തുല്യവേതനം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവർക്ക് നൽകേണ്ട വേതനം സംബന്ധിച്ച്,ധനവകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ച് വരുന്നു.സ്ഥിരം തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ സ്ഥാപനങ്ങളിൽ വിവിധ തൊഴിൽ നിയമപ്രകാരം സ്ഥാപന പരിശോധന നടത്തുമ്പോൾ, തുല്യവേതനം നൽകുന്നുവെന്ന് ഉറപ്പു വരുത്താറുമുണ്ട്. |

Anishan

**സെക്ഷൻ ഓഫീസർ**